# ഫൈൻ ആർട്സ് സൊസൈറ്റി

**പരവൂർ, കൊല്ലം–691301**

**രജി. നമ്പർ : ക്യൂ. 566/76**

**4–ാമത് കൊച്ചുകുഞ്ഞ് സ്മാരക പാചക മത്സരം 2023**

## നിബന്ധനകൾ

മൃദംഗവിദ്വാൻ പരവൂർ കൊച്ചുഗോവിന്ദനാശാന്റെ സഹധർമ്മിണിയും സംഗീത കുലപതി ദേവരാജൻ മാസ്റ്ററുടെ മാതാവുമായ പാചക വിദുഷി കൊച്ചുകുഞ്ഞിന്റെ സ്മരണ നിലനിർത്തുവാനും യുവതികൾക്ക് പാചക കലയിൽ പ്രോത്സാഹനം നൽകാനുമായി ഏർപ്പെടുത്തിയതാണ് **കൊച്ചുകുഞ്ഞ് സ്മാരക പാചക മത്സരം**. താഴെപ്പറയുന്ന നിബന്ധനകൾക്കു വിധേയമായി **2023 ജൂലായ് 2 ഞായറാഴ്ച** ഫാസ് കുടുംബസംഗമദിവസം പകൽ മൂന്നുമണിമുതൽ **പരവൂർ എസ്.എൻ.വി.സമാജം ആഡിറ്റോറിയത്തിൽ പാചകമത്സരം** നടത്തുന്നതാണ്. മത്സരത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ **2023 ജൂൺ 30 വെള്ളിയാഴ്ച വൈകുന്നേരം അഞ്ചുമണിക്കുമുമ്പ്** പരവൂർ ഫാസിന്റെ വെബ്സൈറ്റിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. വെബ്സൈറ്റ് : **www.fasparavur.com.**

## നിബന്ധനകൾ

1. പരവൂർ, പൂതക്കുളം, ചിറക്കര പ്രദേശങ്ങളിൽ സ്ഥിരതാമസക്കാരായ 20 വയസ്സു വരെ പ്രായമുള്ള വനിതകൾക്ക് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. (31.12.2023–ൽ 20 വയസ്സ് കഴിയരുത്).
2. പകൽ 3.00 മുതൽ 4.00 മണിവരെയാണ് മത്സരസമയം. ഈ സമയത്തിനുള്ളിൽ ഓരോ മത്സരാർത്ഥിയും കുറഞ്ഞത് 250 ഗ്രാം റവ ഉപയോഗിച്ച് **ഉപ്പുമാവ്** തയ്യാറാക്കേണ്ടതാണ്. ഉപ്പുമാവ് തയ്യാറാക്കുന്നതിനാവശ്യമായ സാധന സാമഗ്രികൾ മത്സരാർത്ഥികൾ സ്വന്തം നിലയ്ക്ക് കൊണ്ടുവരേണ്ടതാണ്. ഗ്യാസടുപ്പും ഗ്യാസും വെള്ളവും ഫാസ് ലഭ്യമാക്കുന്നതാണ്. മത്സരാർത്ഥികൾ പകൽ 2.00 മണിക്കുമുമ്പായി റിപ്പോർട്ടു ചെയ്യേണ്ടതാണ്. പാചകമത്സര സമയത്ത് സഹായികളെ അനുവദിക്കുന്നതല്ല.
3. പാചക മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടി വിജയികളാവുന്നവർക്ക് **മെമന്റോയും സർട്ടിഫിക്കേറ്റും ക്യാഷ് അവാർഡും** (ഒന്നാം സ്ഥാനം 2,500/– രൂപ, രണ്ടാം സ്ഥാനം 1,500/– രൂപ) കുടുംബസംഗമവേദിയിൽ നൽകുന്നതാണ്.
4. വയസ്സും സ്ഥിരമേൽവിലാസവും തെളിയിക്കുന്നതിനുള്ള അംഗീകൃത രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, മത്സരാർത്ഥിയുടെ ഫോട്ടോ എന്നിവ മത്സരത്തിന് റിപ്പോർട്ടുചെയ്യുമ്പോൾ ഹാജരാക്കേണ്ടതാണ്. ഇതിനുമുമ്പ് ഫാസ് നടത്തിയിട്ടുള്ള പാചകമത്സരത്തിൽ പങ്കെടുത്ത് ഒന്നാം സമ്മാനം നേടിയവർക്ക് ഇപ്പോഴത്തെ മത്സരത്തിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.
5. പ്രവേശന ഫീസായ 100 രൂപ (നൂറു രൂപ മാത്രം) മണിയോർഡർ/NEFT ആയി ഫൈൻ ആർട്സ് സൊസൈറ്റി സെക്രട്ടറിയുടെ പേർക്ക് അയക്കേണ്ടതാണ്. S.B. അക്കൗണ്ട് നമ്പർ : 11420100201224, ഫെഡറൽ ബാങ്ക്, പരവൂർ–691301, IFS Code : FDRL0001142. തുക നേരിട്ടുനൽകാൻ ആഗ്രഹിക്കുന്നവർ ഫാസ് ആഫീസിൽ ഒടുക്കി രസീത് വാങ്ങേണ്ടതാണ്.
6. പാചകമത്സര നടത്തിപ്പ്, അവാർഡ് നിർണ്ണയം തുടങ്ങിയവ സംബന്ധിച്ച അവസാന തീരുമാനം പരവൂർ ഫൈൻ ആർട്സ് സൊസൈറ്റിയുടേതായിരിക്കും.

വി. രാജു,
സെക്രട്ടറി (9495702743)